# നവവത്സരങ്ങളും ലോകസംഭവങ്ങളും

**തോമസ് ഫിലിപ്പ്, പാറക്കമണ്ണിൽ റാന്നി**

**പ**ല പതിറ്റാണ്ടുകൾക്ക് ശേഷമാണ് പ്രിയപ്പെട്ട കുടുംബാംഗങ്ങളോടൊപ്പം ഈ കഴിഞ്ഞ വർഷത്തെ ക്രിസ്തുമസ് കേരളത്തിൽ വെച്ച് ആഘോഷിക്കുവാനുള്ള ഭാഗ്യം എനിക്ക് സിദ്ധിച്ച ത്. അതുപോലെ 2018 എന്ന ഈ പുതുവർഷം കുടുംബമായി ഞങ്ങൾ ആഘോഷിച്ചത് കൊച്ചി എയർപോർട്ടിൽ വെച്ചും പിന്നീടുള്ള സമയം പ്ലെയിനിലും (മടക്കയാത്ര) ആയിരുന്നു.

ഈ പുതുവർഷത്തെപ്പറ്റി എഴുതുവാൻ ഇപ്പോൾ എന്ത് പ്രസക്തിയാണുള്ളതെന്ന് വായന ക്കാർക്ക് ചിലപ്പോൾ തോന്നിയേക്കാം. 2018 ആരംഭിച്ചതേയുള്ളല്ലോ. ജനുവരി അവസാനിച്ചിട്ടുമി ല്ലല്ലോ എന്നും ചിന്തിച്ച് ചില സത്യങ്ങൾ ഞാനിവിടെ കുത്തിക്കുറിക്കുകയാണ്.

സംഭവബഹുലമായ, അരക്ഷിതാവസ്ഥയും അസമാധാനവും നിറഞ്ഞതും, പ്രചണ്ഡമായ പ്രകൃതിക്ഷോഭങ്ങൾ മൂലം അവർണ്ണനീയമായ നാശനഷ്ടങ്ങളും മനുഷ്യസംഹാരവും നടന്ന മഹാ യുദ്ധ ഭീഷണിയും ലോകത്തിന് മീതെ കരിനിഴൽ പരത്തിയതുമായ ഒരു വർഷം നമ്മേ വിട്ട് കട ന്നുപോയിരിക്കുന്നു! ഇതിൽ നിന്നും വ്യത്യസ്തമായ ശുഭോദർക്കവും നന്മ നിറഞ്ഞതുമായ ഒരു നവവത്സരത്തെ മാനവരാശിക്ക് സമ്മാനിക്കുവാൻ 2018-ന് കഴിയുമോ? ഇല്ല എന്നുള്ളതു തന്നെ യല്ലേ ഏറിയ കൂറും സത്യം?

കഴിഞ്ഞകാലങ്ങളിൽ ലോകത്ത് ഉണ്ടായിട്ടുള്ളതിനേക്കാളേറ്റവും അപകടപൂർണ്ണവും അര ക്ഷിതാവസ്ഥയും അക്രമങ്ങളും അസമാധാനവും കൊലയും കൂട്ടക്കൊലയും മാരകരോഗങ്ങളും അധർമ്മവും കൊണ്ട് നിറയപ്പെട്ട ചരിത്രത്തിലേക്കും ദുർഘടം പിടിച്ചതും ഭീതിദവുമായ സംഭവ ങ്ങളിലേക്കും തജ്ജന്യമായൊരു ലോകമഹായുദ്ധത്തിലേക്കുമാണ് മനുഷ്യരാശി ഇന്ന് പ്രയാണം ചെയ്തുകൊണ്ടിരിക്കുന്നതെന്ന് സംശയാതീതമായി ഞാനിവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. അതെ, ആരായാലും തടനാവാത്ത വിധത്തിലുള്ള ഒരു ലോക മഹാസംഘട്ടനത്തിലേക്ക് ലോകം അതി വേഗം നീങ്ങിക്കൊണ്ടിരിക്കുകയാകുന്നു. അഥവാ അതിലേക്ക് വലിച്ചിഴക്കപ്പെട്ടുകൊണ്ടിരിക്കു കയാകുന്നു. സംശയമുള്ളവർ നാടകീയമാം വിധം മദ്ധ്യപൗരസ്ത്യദേശത്ത് ഇന്ന് അരങ്ങേറിക്കൊ ണ്ടിരിക്കുന്ന (പാലസ്തീൻ-ഇസ്രായേൽ) അഥാവാ ഇസ്ലാം-ഇസ്രായേൽ പോരാട്ടങ്ങൾ ശ്രദ്ധിച്ചാൽ മാത്രം മതി. അടുത്തസമയത്തായി അമേരിക്കയുടെ പിന്തുണയോടുകൂടി ഇസ്രായേൽ ജെറുശ ലേമിനെ തങ്ങളുടെ തലസ്ഥാനമായി വിളംബരം ചെയ്തിരിക്കുന്നു. ലോകത്തിലെ സകലമുസ്ലീം രാഷ്ട്രങ്ങളും ബഹുഭൂരിപത്രം ലോകരാഷ്ട്രങ്ങളും ശക്തിയുക്തം ഇതിനെ അപലപിച്ചുകഴിഞ്ഞു. ലോകപ്രസിദ്ധമായ ജെറുശലേം നഗരം ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉളവാക്കാൻ പോകു ന്നു. മുഴുലോകത്തിന്റെയും ശ്രദ്ധാകേന്ദ്രമായി തീരാൻ പോകുന്നു എന്ന് പറഞ്ഞാൽ അതിൽ അശ്ശേഷം പോലും അതിശയോക്തിയില്ല. ജെറുശലേമിനെതിരായിട്ട് ഒരു മൂന്നാം ലോകമഹായുദ്ധം മദ്ധ്യപൂർവ്വ ദേശത്തു നിന്നും അനതിവിദൂരഭാവിയിൽ പൊട്ടിപ്പുറപ്പെടുവാൻ പോകുന്നു എന്ന് ചരിത്രസത്യങ്ങളും പ്രവാചകശ്രേഷ്ഠന്മാരും ഏകസ്വരത്തിൽ പ്രഖ്യാപിക്കുകയും ചെയ്തിരിക്കു ന്നു. ബഹുഭൂരിപക്ഷം ക്രിസ്ത്യാനികളും എല്ലാ മുസ്ലീംങ്ങളും യഹൂദന്മാരും ഇത് സത്യമാകുന്നു എന്ന് വിശ്വസിക്കുകയും ചെയ്യുന്നു. മുസ്ലിംഗങ്ങളുടെയും മൂന്നാമത്തെ പുണ്യസ്ഥലം കൂടിയാ കുന്നു ജെറുശലേം എന്നു നാം ഓർക്കുക.

ഹൈന്ദവ വിശ്വാസപ്രകാരം ഇത് കലിയുഗം കൂടിയാകുന്നു. എവിടെയും സ്ഥാർത്ഥതയും ദുഷ്ടതയും അക്രമണങ്ങളും ക്രൂരതയും രക്തച്ചൊരിച്ചിലുകളും തന്നെ! സ്നേഹവും കരുണയും

സഹാനുഭൂതിയും പരോപകാരചിന്തയുമൊക്കെ മനുഷ്യഹൃദയങ്ങളിൽ നിന്നും അപ്രത്യക്ഷക്ഷമായിക്കൊണ്ടിരിക്കുന്നു. മകൻ അപ്പനെയും അമ്മയെയും, അപ്പൻ മകനെയും ഭർത്താവ് ഭാര്യയെയും നിഷ്ക്കരുണം കൊല ചെയ്യുന്നു! അബലയായ സ്ത്രീകളെ കൊല്ലുന്നത് ഭീരുത്വമോ പൗരുഷമോ? കേരളത്തിലും ഇന്ത്യയിലും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ബലാൽക്കാരങ്ങളും പീഢനങ്ങളും പതിന്മടങ്ങായി വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ജാതിയുടെയും മതത്തിന്റെയും പേരിൽ മനുഷ്യൻ മനുഷ്യനെ കൊല്ലുന്നു! വർഗ്ഗീയ പാർട്ടികൾ വടക്കെ ഇന്ത്യയിൽ പശുവിനു വേണ്ടി അഹിന്ദുക്കളെ കൊല്ലുന്നു! ഇതാണോ മതധർമ്മം? ഇതാണോ മൂല്യാധിഷ്ഠിതമായ ഈശ്വരാരാധന? ഐ.എസ്. ഇസ്ലാം തീവ്രവാദികൾ അതിനീചവും മൃഗീയവുമായും കൊന്നൊടുക്കിയ മനുഷ്യർക്ക് കയ്യും കണക്കുമില്ല! അങ്ങനെ എല്ലാ പുതുവർഷങ്ങളിലും ഭയങ്കരമായ ദുരന്തങ്ങളോ ദുഃഖസംഭവങ്ങളോ മനുഷ്യരാശിയെ ഞെട്ടിപ്പിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതാണ് സത്യം, 2018-ലും എന്തെല്ലാം അനിഷ്ടസംഭവങ്ങൾ കാണാനും കേൾക്കാനും അനുഭവിക്കാനും കിടക്കുന്നു! ഈശ്വരനെയും ധാർമ്മികതയെയുമൊക്കെ ഉയർത്തിപ്പിടിച്ചുകൊണ്ട് അധികാരത്തിലെത്തി മോഡി ഗവർൺമെന്റ് ഇന്ന് ചെയ്തുകൊണ്ടിരിക്കുന്നത് ജനക്ഷേമകരമായ പ്രവർത്തികൾ തന്നെയോ? വിവേകശൂന്യമായി ഓർക്കാപ്പുറത്ത് മോഡി നടത്തിയ നോട്ട് റദ്ദാക്കൽ മൂലം ഇന്ത്യയിലെ സാധാരണക്കാരായ ജനകോടികളും ലക്ഷക്കണക്കിനുള്ള വിദേശമലയാളികളും അനുഭവിച്ച ദുഃഖങ്ങളും കഷ്ടനഷ്ടങ്ങളും എത്ര വലുത്? റദ്ദാക്കപ്പെട്ട കോടിക്കണക്കിനുള്ള ഇന്ത്യൻ മണി ഇന്നും വിദേശ ഇന്ത്യാക്കാരുടെയും മലയാളികളുടെയും കൈവശമുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. കള്ളപ്പണമോ തട്ടിച്ചുണ്ടാക്കിയതാ അല്ലിത്! കഷ്ടപ്പെട്ട് ഉണ്ടാക്കിയ പണമാണിത്! മോഡി തിളങ്ങുന്നതും വിളങ്ങുന്നതും ഇന്ത്യയിലല്ല! പ്ലെയിനിലും വിദേശത്തും മാത്രം!

ജാതിയുടെയും മതത്തിന്റെയും പശുവിന്റെയും പേരിൽ മനുഷ്യനെ കൊല്ലുന്നതിനെയും മതതീവ്രവാദികൾ രാജ്യമൊട്ടാകെ വർഗ്ഗീയവിദ്വേഷത്തിന്റെ വിഷപ്പുക ചീറ്റിക്കൊണ്ടിരിക്കുന്നതിനെയും പ്രോത്സാഹിപ്പിച്ച് ഭരിച്ചുകൊണ്ടിരിക്കുന്ന ഈ പ്രതിലോമശക്തിയെ അടുത്ത പൊതുതെരഞ്ഞെടുപ്പിൽ സർവ്വേശ്വരൻ അധികാരത്തിൽ നിന്നും തൂത്തെറിയുമെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു. മഹത്തായ മഹാഭാരത സന്ദേശത്തിന്റെ അന്തസ്സത്തയും രാജ്യത്ത് അധർമ്മം ജയിക്കും എന്നല്ല. പ്രത്യുത 'യതോ ധർമ്മ സ്തതോ ജയ' എന്നാകുന്നു. അന്യനെ ദ്വേഷിക്കുന്നതും പീഡിപ്പിക്കുന്നതും ദുഃഖിപ്പിക്കുന്നതുമല്ല യഥാർത്ഥമായ ഹൈന്ദവധർമ്മവും സാക്ഷാൽ ദൈവാരാധനയുമെന്ന് നാം മനസ്സിലാക്കേണ്ട കാലം അതിക്രമിച്ചു പോയിരിക്കുന്നു.

ആത്മീയലോകവും ബഹുഭൂരിപക്ഷവും അശുദ്ധിയും കാപട്യവും സ്വാർത്ഥതയും തട്ടിപ്പുംകൊണ്ട് നിറഞ്ഞിരിക്കുന്നു. അധർമ്മം ലോകത്തിലിന്ന് ആകാശത്തോളം ഉയർന്നിരിക്കയാണ്. കേരളീയ ജനജീവിതത്തിലും സത്യത്തിനും ധാർമ്മികമൂല്യങ്ങൾക്കും യാതൊരു സ്ഥാനവും ഇല്ലെന്ന് വന്നിരിക്കയാണെന്ന്. സ്വാർത്ഥതവും തട്ടിപ്പും കാപട്യവും മദ്യപാനവും അഹങ്കാരവും അവിഹിതബന്ധങ്ങളും ഇന്ന് കേരളീയന്റെ മുഖമുദ്രയായും തീർന്നിരിക്കുന്നു. സദാചാര സാന്മാർഗ്ഗിക മൂല്യങ്ങളിന്ന് ആണിനും പെണ്ണിനും വേണ്ട! മനുഷ്യർ തകർന്നുകൊണ്ടിരിക്കുന്നതിലും നശിച്ചുകൊണ്ടിരിക്കുന്നതിലും ഒരൊറ്റ ആൾദൈവങ്ങൾക്കും പ്രതികരണമോ ദുഃഖമോ ഇല്ല! എല്ലാം സ്വന്തം സുഖങ്ങൾക്കുവേണ്ടിയുള്ള ആട്ടങ്ങളും അഭ്യാസങ്ങളും അഭിനയങ്ങളും ചൂഷണങ്ങളും തന്നെ!

ലൈംഗീകവഷളത്തങ്ങളും മ്ലേഛതകളും വിവാഹമോചനങ്ങളും സ്വവർഗ്ഗരതികളും സ്വവർഗ്ഗവിവാഹങ്ങളും സകല അതിർത്തികളെയും ഭേദിച്ചുകൊണ്ട് മുന്നേറിക്കൊണ്ടിരിക്കുന്നു! ഇന്റർനെറ്റിലൂടെ ഞാൻ ഏതോ ഒരു ന്യൂസ് തേടിയപ്പോൾ ഒരു ഓസ്ട്രേലിയൻ ബീച്ചിൽ നൂൽവസ്ത്രം

പോലും ഇല്ലാതെ പൂർണ്ണനഗ്നരായി കുളിക്കാൻ അണിനിരന്ന് നിൽക്കുന്ന യൗവ്വനയുക്തരായ 800-ഓളം അംഗനാമണിമാരുടെ ഫോട്ടോകൾ കാണാനിടയായി. ദൈവം നൽകിയ മനോഹരമായ മനുഷ്യജീവിതത്തിനും ആരോഗ്യത്തിനും സൗന്ദര്യത്തിനും ധനസുഖങ്ങൾക്കും സമാധാനത്തിനുമൊക്കെ ദൈവത്തിന് മനുഷ്യന് പകരം നൽകുന്ന നന്ദിയും മഹത്വവും ആദരവുകളും ഇത്തരത്തിൽ അധഃപതിച്ചു പോയല്ലോ! ബ്രിട്ടനിലെ പല എം.പി.മാരും പാർലമെന്റിൽ തങ്ങളുടെ സമയം സന്തോഷമായി ചിലവഴിക്കുന്നത് അശ്ലീല വീഡിയോകൾ കണ്ടുകൊണ്ടാണെന്ന് ഈ അടുത്തസമയത്തായി ഞാൻ ഒരു ന്യൂസിൽ വായിക്കുകയുണ്ടായി. 'ദുഷ്ടന്മാരുടെ വഴി അന്ധകാരം പോലെയാകുന്നു. ഏതിൽ തട്ടി വീഴുമെന്ന് അവർ അറിയുന്നില്ല' എന്ന് സോളമൻ പറഞ്ഞു.

മനുഷ്യാ നീ ആര്? നിന്റെ ജീവിതയാത്ര എങ്ങോട്ട്? അത് എത്ര ഹ്രസ്വമാണ്! ബൈറൺ പറഞ്ഞു മനുഷ്യാ! പുഞ്ചിരിക്കും കണ്ണീരിനും ഇടയ്ക്ക് കിടന്നാടുന്ന പെൻഡുലമാണ് നീ എന്ന്. ഡോളറുകൾക്കും സ്വന്തം ബുദ്ധിശക്തിക്കും പരിഹരിക്കാനാവാത്ത ആപത്തനർത്ഥങ്ങൾ മനുഷ്യന്റെ മുമ്പിലുണ്ട്. ഇതാരും മറക്കരുത്. അയ്യോ ഞാൻ അരിഷ്ട മനുഷ്യൻ! ഈ മരണത്തിന്, അധീനമായ ശരീരത്തിൽ നിന്ന് എന്നെ ആരു വിടുവിക്കുമെന്ന് ഒരു ഭക്തൻ. ദൈവത്തോട് വിലപിച്ചു. അനർത്ഥദിവസത്തിൽ ദൈവം തന്റെ കൂടാരത്തിൽ എന്നെ ഒളപ്പിക്കുമെന്നും ഒരു ദോഷവും തട്ടാതവണ്ണം എന്റെ പ്രാണനെ പരിപാലിക്കുമെന്നും സങ്കീർത്തനക്കാരൻ പാടി. അത്ഭുതകരമായ ദൈവകൃപയിൽ ആശ്രയിച്ച് അഭീഷ്ടങ്ങൾ സാധിച്ച് ജീവിക്കുന്നവൻ ഭാഗ്യമുള്ളവനാകുന്നു. വലിയ എന്തൊക്കെയോ തന്റെ കയ്യിലുണ്ടെന്ന് ഭാവിച്ചും അഹങ്കരിച്ചും ജീവിക്കുന്ന മനുഷ്യൻ എന്നും എപ്പോഴും ഓർക്കുക ഈ അത്ഭുതപ്രപഞ്ചത്തിൽ ഞാനും നീയും എല്ലാ മനുഷ്യരും ഏത് അർത്ഥത്തിലും വെറും ഒരു പൂജ്യം മാത്രമാകുന്നു!!! നവവത്സരങ്ങളെ നന്മയും സന്തോഷവും സമാധാനവും കൊണ്ടലങ്കരിക്കുകയും മനം തകർന്നവരെ സൗഖ്യമാക്കുകയും അവരുടെ മുറിവുകളെ കെട്ടുകയും ചെയ്യുന്ന സ്നേഹനിധിയായ ദൈവം ഈ പുതുവർഷം മുഴുവനും നമ്മേ എല്ലാവരേയും ആയുസ്സോടും ആരോഗ്യത്തോടും അവന്റെ അളവറ്റ സമാധാനത്തിൽ കാത്തുപരിപാലിക്കുമാറാകട്ടെ.

**********